(സി&ഡി) ഇല്ല. ഇതേപ്പറ്റി വിശദമായ അന്വേഷണം നടത്തിവരുന്നു. ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ അവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക്

101 (183) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിലെ വന്യജീവികളെ കണ്ടുകെട്ടിയ തെന്നാണ് ;

(ബി) ആ ജീവികൾക്ക് പരിക്കേൽക്കാനും മരിക്കാനും ഇടയായ സംഭവത്തെപ്പറ്റി അനിമൽ വെൽഫയർ ഇൻസ്പെക്ടർക്ക് എന്നാണ് അറിവ് കിട്ടിയത് ;

(സി) ഇതുസംബന്ധിച്ച് അനിമൽ വെൽഫയർ ഇൻസ്പെക്ടർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;

(ഡി) പ്രസ്തുത സ്നേക്ക് പാർക്കിലെ ജീവികൾക്ക് പരുക്കേൽക്കുകയും ചിലവ ചാകുകയും ചെയ്തതിന്റെ പേരിൽ ആർക്കെല്ലാം എതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 10-12-2000 ൽ ആണ്.

(ബി&സി) ഇതിനെക്കുറിച്ച് വനംവകുപ്പിൽ അറിവില്ല. വനംവകുപ്പിന്റെ ഭരണസംവിധാനത്തിൽ അനിമൽ വെൽഫയർ ഇൻസ്പെക്ടർ ഇല്ല.

(ഡി) ആരുടെയും പേരിൽ നടപടി സ്വീകരിച്ചിട്ടില്ല.

പറശ്ശിനിക്കടവ് പാമ്പ് വളർത്തൽ കേന്ദ്രത്തിൽ മൃഗങ്ങളെ പിടിച്ചെടുത്ത നടപടി

102 (785) ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറശ്ശിനിക്കടവ് സംഭവത്തെപ്പറ്റി അന്വേഷിച്ച പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ നൽകിയ റിപ്പോർട്ടിൻമേൽ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സംസ്ഥാന ചീഫ് വൈൽഡ്ലൈഫ് വാർഡനും പാലക്കാട് വൈൽഡ് ലൈഫ് കൺസർവേറ്ററും നിയമലംഘനം നടത്തിയതായി പറഞ്ഞിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അവർക്കെതിരായി വകുപ്പുതലത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇവരുടെ പ്രവർത്തി വന്യജീവി സംരക്ഷണ നിയമപ്രകാരം കുറ്റകരമാണോ ; എങ്കിൽ അവർക്കെതിരായി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly